

പരാക്രമങ്ങളിലേറെയും സ്ത്രീ സമരങ്ങളോട്...

# ഇടതുപക്ഷം കരിങ്കാലികളായ ഒരുപതിറ്റാണ്ട്



അഡ്വ. ബിന്ദു കൃഷ്ണ

കേരളത്തിൽ സ്ത്രീതൊഴിലാളികൾക്ക് അവരുടെ അധ്വാനത്തിന് അർഹമായ അംഗീകാരമോ, മുൻഗണനയോ, സുരക്ഷയോ ലഭിക്കാത പോയ ഒരു പതിറ്റാണ്ടാണ് കടന്നുപോകുന്നത്. ആശമാരെ തൊഴിലാളികളായി അംഗീകരിക്കാൻ പോലും സർക്കാർ തയ്യാറായിരുന്നില്ല എന്നത് അത്യന്തം ഖേദകരമാണ്. വനിതാ സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിനും സമാനഗതി തന്നെ ഉണ്ടായി. പെൺപിളെ ഒരുമൈ സമരം ഉൾപ്പെടെ എത്രയെത്ര സമരങ്ങളാണ് സർക്കാർ ചോരയിൽ മുക്കിക്കൊന്നത്.

ആരോഗ്യ മേഖലയിലെ അടിസ്ഥാന വർഗ്ഗമാണ് ആശാമാർ എന്നത് മറന്നുകൊണ്ട് ബദ്ധശത്രുക്കളെപ്പോലെ ആശാ പ്രവർത്തകരെ വേട്ടയാടി. കോവിഡ് കാലത്ത് രാജ്യം ആദരിച്ച ആശാ പ്രവർത്തകരുടെ പോരാട്ടവീര്യത്തെ നിർവീര്യമാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആരോഗ്യ പദ്ധതികൾ സാധാരണ ജനങ്ങളിൽ എത്തിച്ച അവരുടെ കഠിന പ്രയ്തനത്തെ വിസ്മരിച്ചുകൊണ്ട് അവരെ പൊതുജനമധ്യത്തിൽ ആക്ഷേപിച്ചു.

പ്രവർത്തനങ്ങളുടെ ആധിക്യം മൂലം ആശാപ്രവർത്തകരുടെ ജോലിഭാരവും അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്

> **അധികാരം കയ്യിൽ ഉണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം സമരവിരോധികളാണെന്ന് കേരളം കണ്ടു. മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ആശമാർക്ക് തൊഴിലാളി പദവി നൽകാൻ കമ്മ്യൂണിസ്റ്റുകാർക്ക് എന്തായിരുന്നു തടസ്സം ? കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പാപ്പരത്തമല്ലേ നമ്മൾ അവിടെ കണ്ടത്. വനിതാ തൊഴിലാളികൾ ആയതുകൊണ്ട് മാത്രമല്ല അവരുടെ അധ്വാനത്തിന് അർഹമായ പരിഗണനയും മുൻഗണനയും കിട്ടാതെ പോയത്.**

ആനുപാതികമായുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ അവർക്ക് ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമായി അവശേഷിക്കുന്നു. വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഈ മേഖലയിൽ അവർക്ക് ജീവനക്കാർ എന്ന പദവി പോലുമില്ല, ശമ്പളം ലഭിക്കുന്നത് പോലും ഭിക്ഷ എന്ന രീതിയിലാണ്. ഈ ദുരവസ്ഥ മാറ്റാനാണ് കുറഞ്ഞ വേതനം, പിരിഞ്ഞു പോകുമ്പോൾ ലഭിക്കേണ്ട പ്രതിഫലം, പെൻഷൻ എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മാസങ്ങളോളം അവർ തെരുവിൽ സമരം ചെയ്തത്. അതൊരു സഹന സമരം തന്നെയായിരുന്നു. കേരളത്തിലെ വനിതകളുടെ സമര ചരിത്രത്തിൽ അതൊരു പുതിയ അധ്യായം തന്നെ എഴുതി ച്ചേർത്തു എന്നതിൽ ലവലേശം തർക്കമില്ല.

വെയിലും മഴയും മാത്രമല്ല, കുടുംബത്തിൽ നിന്നും മാസങ്ങളോളം വിട്ടുനിൽക്കേണ്ട അവസ്ഥ വരെ വന്നു. ജോലിയും, കൂലിയും ഇല്ലാത്ത പോരാട്ടത്തിന്റെ നാളുകളിൽ അവർ പതറാതെ പിടിച്ചു നിന്നു. പുറമേ അധികാര വർഗ്ഗത്തിന്റെ പരിഹാസവും, ഭീഷണിയും.

അധികാരം കയ്യിൽ ഉണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം സമരവിരോധികളാണെന്ന് കേരളം കണ്ടു. മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ആശമാർക്ക് തൊഴിലാളി പദവി നൽകാൻ കമ്മ്യൂണിസ്റ്റുകാർക്ക് എന്തായിരുന്നു തടസ്സം ? കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പാപ്പരത്തമല്ലേ നമ്മൾ അവിടെ കണ്ടത്. വനിതാ തൊഴിലാളികൾ ആയതുകൊണ്ട് മാത്രമല്ല അവരുടെ അധ്വാനത്തിന് അർഹമായ പരിഗണനയും മുൻഗണനയും കിട്ടാതെ പോയത്.

സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിനും ഇതേ അവസ്ഥയല്ലേ ഉണ്ടായത്. പെൺപിളൈ ഒരുമൈ സമരം, നേഴ്സുമാരുടെ സമരം, വ്യാപാര സ്ഥാപനങ്ങളുടെ സ്ത്രീ തൊഴിലാളികളുടെ ഇരിക്കുവാനുള്ള അവകാശ പോരാട്ടം ഒക്കെ സർക്കാരിന്റെ ഇരകളായി.

കശുവണ്ടി ഫാക്ടറികളിൽ അടക്കം സ്ത്രീ തൊഴിലാളികൾ നടത്തിയ സമരങ്ങൾ... കശുവണ്ടി ഫാക്ടറികളിൽ അടക്കം സ്ത്രീ തൊഴിലാളികളുടെ സമരത്തിന്റെയും അവസ്ഥ മറ്റൊന്നായിരുന്നില്ല. ആശമാരുടെ സമരത്തിന്റെ അനന്തരഫലം വച്ച് നോക്കുമ്പോൾ ഇടതുപക്ഷത്തെ വനിതകൾ കുറച്ച് ബാലപാഠങ്ങൾ പഠിപ്പിച്ചു. സമരം എത്രയും പെട്ടെന്ന് അവസാനിപ്പിക്കാൻവേണ്ടി ആശാമാരെക്കൊണ്ട് ആവശ്യങ്ങൾ ഗണ്യമായി വെട്ടി കുറപ്പിച്ചു. തൽക്കാലം മാസശമ്പളം 3000 രൂപയെങ്കിലും വർധിപ്പിക്കുക, പിരിഞ്ഞു പോകുന്ന സമയത്ത് പ്രതിഫലം 5 ലക്ഷം ആക്കുക എന്നീ രണ്ട് ഡിമാൻഡുകളിൽ അവരെ ഒതുക്കി സർക്കാർ തടിതപ്പാൻ ശ്രമിച്ചു. അധിക പ്രതിഫലമായി 3000 രൂപ അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ചിലവിനേക്കാൾ കൂടുതലായിരുന്നു മന്ത്രിമാർക്ക് ആഡംബര കാറുകൾ വാങ്ങാൻ സർക്കാർ നീക്കിവച്ച തുക. പക്ഷേ സംസ്ഥാന സർക്കാർ കുലുങ്ങിയില്ല. ആഡംബരമില്ലാതെ എന്ത് ഇടതുപക്ഷം. സർക്കാർ താല്പര്യം വനിതാ സിപിഒ റാങ്ക് ഹോൾഡേഴ്സിന്റെ സമരം അവസാനിപ്പിച്ചത് വളരെ പരിതാപകരമായ അവസ്ഥയിലായിരുന്നു. സമരത്തോടൊപ്പം റാങ്ക് ലിസ്റ്റിന്റെ കാലാവധിയും അവസാനിക്കുകയായിരുന്നു.

തൊഴിൽ തേടുന്ന യുവതയുടെ വിങ്ങലും തേങ്ങലും തിരിച്ചറിയാൻ കൂട്ടാക്കാത്ത സർക്കാരാണ് കേരളം ഭരിക്കുന്നത് എന്ന് ജനം തിരിച്ചറിഞ്ഞു. രണ്ടുമാസത്തിലേറെ നീണ്ട സഹനസമരത്തിന്റെ അവസാനത്തെ 15 ദിവസം അതികഠിനം തന്നെയായിരുന്നു വിഷുദിനത്തിൽ സേവ് ഡബ്ല്യു സി പി ഓ എന്ന് ചോര കൊണ്ട് എഴുതിയ പ്ലക്കാർഡുകൾ ഉയർന്നു. സെക്രട്ടേറിയേറ്റിന് മുന്നിലെ നടപ്പാതയിൽ ഉദ്യോഗാർത്ഥികൾ ഭിക്ഷ യാചിച്ചു. പഠിച്ചതും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടുപോയതും തങ്ങളുടെ കുറ്റമാണെന്ന് ഏറ്റു പറഞ്ഞു കൊണ്ട് കൈകാലുകൾ ചുവന്ന റിബൺ കൊണ്ട് ബന്ധിച്ചു. ഇത് എല്ലാം സർക്കാർ കണ്ടില്ലെന്ന് നടിച്ചു.

2023ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ 815 പേർക്കും 2022ലെ ലിസ്റ്റിൽ 757 പേർക്കും നിയമനം നൽകിയിരുന്നു. എന്നാൽ 2024 ലെ 967 പേരുടെ ലിസ്റ്റിൽ 292 പേർക്ക് മാത്രമാണ് നിയമനം ലഭിച്ചത്. 570 ഒഴിവുകൾ നിലവിലുണ്ടായിരുന്ന സമയത്താണ് ഒരാളെ പോലും നിയമിക്കാതെ ലിസ്റ്റിന്റെ കാലാവധി അവസാനിപ്പിച്ചത്.

ഇത്രത്തോളം മനുഷ്യത്വം മരവിച്ച ഒരു നിലപാട് എടുക്കാൻ ഒരു ജനകീയ സർക്കാരിന് എങ്ങനെ കഴിയുന്നു എന്ന ചോദ്യം ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. സമരങ്ങളെ പ്രത്യേകിച്ച് സ്ത്രീകളുടെ സഹന സമരങ്ങളെ താഴ്ത്തിക്കെട്ടിയും അപമാനിച്ചും അവഗണിച്ചും തോൽപ്പിച്ചു കൊണ്ടിരിക്കുന്ന സർക്കാരാണ് ഇടതുപക്ഷ സർക്കാർ' തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് സർക്കാരിന്റെ മുഖംമൂടികൾ ഒന്നൊന്നായി അഴിഞ്ഞുവീഴുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്.